**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5915** **25-03-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി നിരക്കിലെ വർദ്ധനവ് മൂലം ജനങ്ങൾ നേരിടുന്ന പ്രയാസങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2016 മെയ് മാസത്തിന് ശേഷം സംസ്ഥാനത്ത് ഓരോ പ്രാവശ്യവും വൈദ്യുതി നിരക്കിൽ വരുത്തിയ വർദ്ധനവ് വഴി ലക്ഷ്യമിട്ട വരുമാന വർദ്ധനവ് എത്രയാണ്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് 2016 മെയ് മാസം മുതൽ നാളിതുവരെ അഞ്ച് തവണ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്. 2017, 2019, 2022, 2023, 2024 എന്നീ വർഷങ്ങളിലാണ് താരിഫ് പരിഷ്കരണം നടന്നിട്ടുള്ളത്.<br><br>2017-18-ൽ 550 കോടി രൂപയുടെയും, 2019-2020-ൽ 902.90 കോടി രൂപയുടെയും, 2022-23-ൽ 760 കോടി രൂപയുടെയും, 2023-24-ൽ 532.50 കോടി രൂപയുടെയും അധികവരുമാനം താരിഫ് പരിഷ്കരണത്തിലൂടെ കെ.എസ്.ഇ.ബി.ലിമിറ്റഡിന് ലഭിച്ചിരുന്നു. 2024-25 –ലെ താരിഫ് പരിഷ്കരണം മൂലം 146 കോടി രൂപയുടെ അധിക വരുമാനം ഈ സാമ്പത്തിക വർഷം ലഭ്യമാകുമെന്ന് കരുതുന്നു. |
| (ബി) | 2016 മുതൽ ഓരോ വർഷവും സംസ്ഥാനത്ത് സ്വന്തമായി ഉത്പാദിപ്പിച്ച വൈദ്യുതിയുടെ അളവ് എത്രയാണ്; ഈ കാലയളവിൽ സംസ്ഥാനത്തിന് പുറത്തു നിന്നും ഓരോ പ്രാവശ്യവും വാങ്ങിയിട്ടുള്ള വൈദ്യുതിയുടെ അളവ് എത്രയാണെന്നും, പ്രസ്തുത വൈദ്യുതി വാങ്ങിയിട്ടുള്ളത് ഏത് നിരക്കിലാണെന്നും അറിയിക്കുമോ; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | 2016 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തിനുള്ളിൽ ഉത്പാദിപ്പിച്ച വൈദ്യുതിയും പുറത്തുനിന്നും വാങ്ങിയ വൈദ്യുതിയും പ്രസ്തുത വൈദ്യുതി വാങ്ങിയ നിരക്കും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | 2016 മുതൽ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ കമ്പനികൾ എന്നിവ ഓരോന്നും വരുത്തിയിട്ടുള്ള വൈദ്യുതി കുടിശ്ശിക ഏതെങ്കിലും എഴുതി തള്ളിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (സി) | കെ.എസ്.ഇ.ബി.എൽ-ൽ നിലവിലുള്ള നിയമങ്ങളും ഡെലിഗേഷൻ ഓഫ് പവേഴ്സും അനുസരിച്ച് കുടിശ്ശിക എഴുതിത്തള്ളൽ അനുവദനീയമല്ല. എന്നാൽ കെ.എസ്.ഇ.-ബി.എൽ-ന്റെ കുടിശ്ശിക നിവാരണം ചെയ്യുന്നതിന്റെ ഭാഗമായി വിവിധ സെറ്റിൽമെന്റുകൾ കാലാകാലങ്ങളിൽ ഗവൺമെന്റ് നടപ്പിലാക്കിയിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു.<br><br>30.09.2018 വരെയുള്ള കേരള ജല അതോറിറ്റിയുടെ കുടിശ്ശികയായ 1326.69 കോടി രൂപ 331.67 കോടി രൂപ വീതമുള്ള നാലു ഗഡുക്കളായി G.O (Rt) |

| | | | |
|---|---|---|---|
| | | | No.10/2019/ Power dated 14.01.2019 കേരള സർക്കാർ കെ.എസ്.ഇ.ബി.എൽ-ന് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ 60 കോടി രൂപ ഗവൺമെന്റിൽ നിന്നും കെ.എസ്.ഇ.ബി.എൽ-ന് ഇനിയും ലഭിക്കാനുണ്ട്.<br><br>തുടർന്ന് 31.10.2023 വരെയുള്ള ജല അതോറിറ്റിയുടെ കുടിശ്ശികയായ 2068 കോടി രൂപ 206.8 കോടി വീതമുള്ള 10 ഗഡുക്കളായി കേരള സർക്കാർ G.O (Rt) No.45/2024/ Power dated, 12.03.2024 പ്രകാരം സെറ്റിൽ ചെയ്തിട്ടുണ്ട്. ഇതിന്റെ ആദ്യ ഗഡുവായ 206.8 കോടി രൂപ ഇലക്ട്രിസിറ്റി ഡ്യൂട്ടി അഡ് ജസ്റ്റ്മെന്റ് വഴി G.O (MS) No.25/2025/Fin dated, 21.02.2025 പ്രകാരം കെ.എസ്.ഇ.ബി.എൽ-ന് ലഭിച്ചിട്ടുണ്ട്.<br><br>G.O (MS) No.30/2024/Fin dated, 12.03.2024 പ്രകാരം സർക്കാർ വകുപ്പുകളുടെ 31.10.2023 വരെയുള്ള കുടിശ്ശികയായ 534.84 കോടി രൂപ സർക്കാരിനു നൽകാനുള്ള ഡ്യൂട്ടിയിൽ കുറവു ചെയ്ത് തീർപ്പാക്കിയിട്ടുണ്ട്.<br><br>G.O (MS) No.27/2025/Fin dated, 06.03.2025 പ്രകാരം സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും (കേരള ജല അതോറിറ്റി ഉൾപ്പെടെ) 31.12.2024 വരെയുള്ള കുടിശ്ശികയായ 718.02 കോടി രൂപ ഡ്യൂട്ടിയിൽ കുറവ് ചെയ്ത് ഉത്തരവാക്കിയിട്ടുണ്ട്. |
| (ഡി) | ദീർഘകാല വൈദ്യുതി വാങ്ങൽ കരാർ റദ്ദാക്കിയതും ഉയർന്ന നിരക്കിൽ സംസ്ഥാനത്തിന് പുറത്ത് നിന്ന് വൈദ്യുതി വാങ്ങുന്നതും കുടിശ്ശിക എഴുതി തള്ളുന്നതും പോലുള്ള നടപടികളാണ് അമിത നിരക്ക് ജനങ്ങളുടെ മേൽ അടിച്ചേൽപ്പിയ്ക്കാൻ ഇടയാക്കിയതെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം ബദൽ മാർഗ്ഗങ്ങളാണ് ആലോചിക്കുന്നത്; വ്യക്തമാക്കുമോ? | (ഡി) | ആവശ്യകതയുടെ 80% ത്തോളം പുറത്തുനിന്നുള്ള വൈദ്യുതി വാങ്ങുന്നതിനാൽ സംസ്ഥാനത്തിനു പുറമെ നിന്നു വാങ്ങുന്ന വൈദ്യുതി വില വർദ്ധിക്കുന്നത് നിരക്ക വർദ്ധനവിന് കാരണമാവുന്നുണ്ട്. മറ്റു കാര്യങ്ങൾ നിലവിലെ താരിഫ് വർദ്ധനവിനെ അമിതമായി സ്വാധീനിച്ചിട്ടില്ല. 2030- ഓട്ടുകൂടി കേരളത്തിനകത്തെ ജനറേഷൻ 10GW ആയി വർദ്ധിപ്പിക്കണമെന്ന ലക്ഷ്യത്തോടെ മുന്നേറുകയാണ് എന്ന് കെ.എസ്.ഇ.ബി.എൽ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

2016 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തിനുള്ളിൽ ഉത്പാദിപ്പിച്ച വൈദ്യുതിയും പുറത്തുനിന്നും വാങ്ങിയ വൈദ്യുതിയും പ്രസ്തുത വൈദ്യുതി വാങ്ങിയ നിരക്കും സംബന്ധിച്ച വിവരം

| **വർഷം** | **സംസ്ഥാനത്ത് ഉൽപാദിപ്പിച്ച വൈദ്യുതി ദശലക്ഷം യൂണിറ്റിൽ (KSEBL + സ്വതന്ത്ര ഊർജ്ജ ഉത്പാദനം + ക്യാപ്റ്റീവ് ഉത്പാദനം)** | **സംസ്ഥാനത്തിനു പുറത്തുനിന്നും വാങ്ങിയ വൈദ്യുതി ദശലക്ഷം യൂണിറ്റിൽ (at Ex BUS)** | **സംസ്ഥാനത്തിനു പുറത്തുനിന്നും വാങ്ങിയ വൈദ്യുതിയുടെ യൂണിറ്റ് നിരക്ക് രൂപയിൽ **** |
|---|---|---|---|
| 2016-17 | 4605 | 19735 | 3.72 |
| 2017-18 | 5866 | 19427 | 3.83 |
| 2018-19 | 7980 | 18761 | 4.14 |
| 2019-20 | 6165 | 21129 | 4.06 |
| 2020-21 | 7690 | 18912 | 4.20 |
| 2021-22 | 10957 | 19533 | 4.28 |
| 2022-23 | 10184 | 21877 | 5.04 |
| 2023-24 | 7674 | 25794 | 4.93 |

***സംസ്ഥാനത്തിനുള്ളിലെ കെ.എസ്.ഇ.ബി.എൽ-ന്റെയും മറ്റു സ്വതന്ത്ര ഊർജ്ജ ഉല്പാദന നിലയങ്ങളിലെയും ഉത്പാദനം കഴിച്ചിട്ടുള്ള വൈദ്യുതി വാങ്ങൽ നിരക്ക്.*

**സെക്ഷൻ ഓഫീസർ**